"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/221/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-08-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ ലഭ്യമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ) നം.184/2022/വശിവിവ; തീയതി 28.04.2022
2. സ.ഉ.(കൈ) നം.90/2023/തസ്വഭവ; തീയതി 09.04.2023

**********************

കൗമാര ക്ലബ്ബുകൾ (വർണ്ണക്കൂട്ട്) പ്രവർത്തിച്ചുവരുന്ന അങ്കണവാടികളിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന തെരഞ്ഞെടുത്ത അങ്കണവാടികളിൽ BSNL മുഖേന വൈഫൈ കണക്ഷൻ നൽകുന്നതിന് 2500 രൂപ വീതം അനുവദിച്ച് സൂചന 1 പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഉത്തരവായിട്ടുണ്ട്. എന്നാൽ BSNL ന്റെ ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ ലഭ്യമല്ലാത്ത അത്തരം അങ്കണവാടികളിൽ വൈഫൈ സൗകര്യം ലഭ്യമാക്കാൻ വേണ്ടിവരുന്ന അധികതുകയും പ്രതിമാസ ഇന്റർനെറ്റ് ചാർജ്ജും അങ്കണവാടികളുടെ ചുമതലയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകുന്നില്ലെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും ഇന്റർനെറ്റ് ചാർജ്ജ് മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും നൽകുന്നതിന് സൂചന 2 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. അതനുസരിച്ച് അങ്കണവാടികളിലെയും ഇന്റർനെറ്റ് ചാർജ് മുടക്കം കൂടാതെ നൽകേണ്ടതാണെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ BSNL ന്റെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് ഇല്ലാത്തതും കൗമാര ക്ലബ്ബുകൾ (വർണ്ണക്കൂട്ട്) പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ എടുക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് അനുവദിക്കുന്ന തുകയിൽ (2500 രൂപ) കൂടുതൽ തുക ആവശ്യമായി വരുന്ന സന്ദർഭത്തിൽ അത് തനത് ഫണ്ടിൽ നിന്നോ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നോ അനുവദിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
22. വനിത ശിശു വികസന വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-08-2024 15:20:02

സെക്ഷൻ ഓഫീസർ.